2. 690-1130 മീറ്റർ വരെ - ചന്ദ്രഗിരി കൺസ്ട്രക്ഷൻ കമ്പനി.
3. ചെയിനേജ് 1500-1800 മീറ്റർ വരെ പൈലി ആന്റ് കമ്പനി.
4. ചെയിനേജ് 1800-2300 മീറ്റർ വരെ കെ. ജോർജ് ജോസഫ്.
5. ചെയിനേജ് 2300-2730 മീറ്റർ വരെ - ചന്ദ്രഗിരി കൺസ്ട്രക്ഷൻ കമ്പനി.

(ഡി&ഇ) ഈ വർക്കുകൾക്ക് പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ചിട്ടില്ല.

(എഫ്&ജി) വർക്ക് അവാർഡ് ചെയ്ത കരാറുകാരുടെ വിവരങ്ങൾ അനുബന്ധമായി കൊടുക്കുന്നു.*

(എച്ച്) പണികൾക്കുവേണ്ടി പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ചിട്ടില്ല.

(ഐ) ഉദിക്കുന്നില്ല.

മഞ്ചേരി ജലസേചനോപദേശകസമിതി

36 (2590) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ ജലസേചനവകുപ്പിന്റെ കീഴിൽ ജലസേചന ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(സി) നടപ്പുസാമ്പത്തിക വർഷം ഈ സമിതി എത്ര യോഗം ചേർന്നിട്ടുണ്ട് ;

(ഡി) യോഗം ചേർന്നിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 26-11-1996-ൽ

(സി) 17-05-1999-ൽ ഒരു തവണ.

(ഡി) ഉദിക്കുന്നില്ല.

കീരാനല്ലൂർ ന്യൂകട്ട് റഗുലേറ്റർ നിർമ്മാണം

37 (2591) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേനചവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കീരാനല്ലൂർ ന്യൂകട്ട് റഗുലേറ്റർ നിർമ്മാണ പുരോഗതി എത്രത്തോളമായി എന്നു വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly